വിനോദസഞ്ചാര മേഖലയിലെ കോഴ്സുകൾ

282 (2562) ശ്രീ. ബെന്നി ബെഹനാൻ:
ശ്രീ. വർക്കല കഹാർ:
ശ്രീ. കെ. എസ്. ശബരീനാഥൻ:
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലയിലെ തൊഴിലവസരത്തിനായി പ്രത്യേക കോഴ്സുകൾ നടത്തുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ആയത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് വിനോദസഞ്ചാര മേഖലയിലെ തൊഴിലവസര ത്തിനായി താഴെപ്പറയുന്ന സ്ഥാപനങ്ങൾ വഴി ടൂറിസം കോഴ്സുകൾ നടത്തിവരുന്നു.

1. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം & ട്രാവൽ സ്റ്റഡീസ് (KITTS)
2. ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് (FCI)
3. സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് (SIHM)

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആന്റ് ട്രാവൽ സ്റ്റഡീസ് (കിറ്റ്സ്)-ൽ കേരള സർവകലാശാലയുടെ അംഗീകാരത്തോടെ 2 വർഷം ദൈർഘ്യമുള്ള എം.ബി.എ. (ട്രാവൽ & ടൂറിസം) കോഴ്സുകൾ നടത്തുന്നുണ്ട്. ഇതിനുപുറമേ 6 മാസം ദൈർഘ്യമുള്ള ഡിപ്ലോമ ഇൻ ലോജിസ്റ്റിക്സ് മാനേജ്മെന്റ്, ഡിപ്ലോമ ഇൻ എയർപോർട്ട് ഓപ്പറേഷൻസ്, ഒരു വർഷം ദൈർഘ്യമുള്ള പി.ജി. ഡിപ്ലോമ ഇൻ പബ്ലിക് റിലേഷൻസ് ഇൻ ടൂറിസം എന്നീ കോഴ്സുകളും നടത്തുന്നുണ്ട്. മേൽപ്പറഞ്ഞ കോഴ്സുകൾ കിറ്റ്സ് നേരിട്ടാണ് നടത്തുന്നത്. SIHM, FCI എന്നിവ ഹോട്ടൽ മാനേജ്മെന്റ്, കാറ്ററിംഗ് എന്നീ കോഴ്സുകളാണ് നടത്തുന്നത്.

(ബി) ടൂറിസം ആന്റ് ഹോസ്പിറ്റാലിറ്റി രംഗത്ത് വർദ്ധിച്ചുവരുന്ന തൊഴിലവസരങ്ങൾ കണക്കിലെടുത്ത് യുവതീയുവാക്കളെ സന്നദ്ധരാക്കുന്നതിനുള്ള പരിശീലന പദ്ധതികളാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. അതിലൂടെ യുവതീയുവാക്കൾക്ക് ഹൗസ് കീപ്പിംഗ്, ഫുഡ് പ്രൊഡക്ഷൻ, ഫുഡ് ആന്റ് ബിവറേജസ് സർവ്വീസ് എന്നിവയുള്ള പരിശീലനം നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) നോഡൽ ഏജൻസികളായ കിറ്റ്സ്, ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട്, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് എന്നിവ വഴി ഉചിതമായ ടൂറിസം കോഴ്സുകൾ രൂപീകരിക്കുകയും നടപ്പാക്കിവരികയും ചെയ്യുന്നു. ഇതിനായി 2015-16 സാമ്പത്തിക വർഷത്തിൽ 8.5 കോടി രൂപ സർക്കാർ വകയിരുത്തിയിട്ടുണ്ട്.

സീപ്ലെയിൻ സർവ്വീസ്

283 (2563) ശ്രീ. സണ്ണി ജോസഫ്:

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:

ശ്രീ. വർക്കല കഹാർ:

ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സീപ്ലെയിൻ സർവ്വീസ് ആരംഭിക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരളത്തിന്റെ ടൂറിസം സാദ്ധ്യതകൾ കൂടുതൽ വിപുലമാക്കുന്നതിന്റെ ഭാഗമായി വിവിധ വിനോദസഞ്ചാര കേന്ദ്രങ്ങളെ വായുമാർഗ്ഗം ബന്ധിപ്പിക്കുന്നതിനും കേരളത്തിന്റെ പ്രകൃതിഭംഗി ആസ്വദിക്കുന്നതിനുമുള്ള നൂതനമായ ഒരു ടൂറിസം ഉത്പന്നം അവതരിപ്പിക്കുന്നതിനും വേണ്ടിയാണ് സീപ്ലെയിൻ പദ്ധതി ലക്ഷ്യമിടുന്നത്.

(സി) പദ്ധതിക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങളായ വാട്ടർഡ്രോമും മറ്റ് അനുബന്ധ സൗകര്യങ്ങളും മൺഗണനാപ്രദേശങ്ങളായ അഷ്ടമുടി, പുന്നമട, ബോൾഗാട്ടി, ബേക്കൽ മുതലായ പ്രദേശങ്ങളിൽ നടത്തുവാനാണ് വിഭാവന ചെയ്തിട്ടുള്ളത്. ഇവയിൽ അഷ്ടമുടിയിലും പുന്നമടയിലും പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.

മത്സ്യബന്ധന മേഖലയിലെ തൊഴിലാളി സംഘടനകളുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ സീപ്ലെയിൻ പദ്ധതി ഉൾനാടൻ മത്സ്യബന്ധന രംഗത്ത് എന്തെങ്കിലും വിധത്തിലുള്ള ആഘാതം സൃഷ്ടിക്കുമോ എന്നത് സംബന്ധിച്ച് പഠനം നടത്തുവാനും അങ്ങനെയെങ്കിൽ പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനുമായി സർക്കാർ ഒരു വിദഗ്ധ സമിതിയെ ചുമതലപ്പെടുത്തിയിരുന്നു. ഈ സമിതിയുടെ അന്തിമറിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പൂർണ്ണതോതിലുള്ള ജലവിമാന സർവ്വീസ് ഉടൻ തന്നെ പ്രവർത്തനം ആരംഭിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly